# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 889 05.03.2018 - ൽ മറുപടിക്ക്

## കരമന - വെള്ളറട റോഡ് വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ടി.എ.അഹമ്മദ് കബീർ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തിരുവനന്തപുരം ജില്ലയിലെ കരമന-വെള്ളറട റോഡ് വികസനം സംബന്ധിച്ച പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (എ) | സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കരമന-വെള്ളറട റോഡ് സ്ഥലമേറ്റെടുത്ത് അപ്ഗ്രേഡ് ചെയ്യുന്നതിന് ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 15.02.2016 - ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 335/2016/പൊ.മ.വ പ്രകാരം കരമന - വെള്ളറട റോഡ് വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി 5054-04-337-80 NV എന്ന ബഡ്ജറ്റ് ഹെഡിൽ നിന്ന് 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 04.07.2016 - ൽ തിരുവനന്തപുരം കളക്ടർ സ്പെഷ്യൽ തഹസിൽദാർ (എൽ. എ) എൻ. എച്ച് - നെ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി ചുമതലപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ട്. അതിൻ പ്രകാരമുള്ള തുടർ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് തുടർ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി കടന്നു പോകുന്ന പ്രധാന ജംഗ്ഷനുകൾ വികസിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; | (ബി) | കരമന, പൂജപ്പുര, തിരുമല, മലയിൻകീഴ്, കാട്ടാക്കട, വെള്ളറട എന്നീ ജംഗ്ഷനുകൾ വികസിപ്പി-ക്കുന്നതിന് നടപടി സ്വീകരി-ക്കുന്നതാണ്. മറ്റു ചെറിയ ജംഗ്ഷനുകൾ ബസ്ബേ ഉൾപ്പെ-ടെയുള്ള വികസന പ്രവർത്ത-നങ്ങൾ ചെയ്യുന്നതാണ്. |
| (സി) | പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; | (സി) | പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റിവൈസ്ഡ് ഡി. പി. ആർ തയ്യാറാക്കി വരുന്നു. |
| (ഡി) | പദ്ധതിയുടെ മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) | ജംഗ്ഷൻ ഒഴികെയുള്ള ഭാഗം നിലവിലെ റോഡ് 13.50 മീറ്റർ വീതിയിൽ ആക്കി ഡബിൾ ലൈൻ ക്യാരേജ് വേയും, പേവ്ഡ് ഷോൾഡറും, ഓടയും, ഫുഡ്-പാത്തും, എർത്തേൺ ബേമും ഉൾപ്പെടെ ചെയ്യാനും ജംഗ്ഷൻ ഭാഗങ്ങളിൽ ഫുഡ്പാത്തും ഉൾപ്പെടെ ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്. മണ്ഡപത്തിൻ-കടവ് പാലവും, ഒറ്റശേഖരമംഗലം പാലവും പുതുക്കി പണിയുകയും കുണ്ടമൺകടവ് പാലം ഒഴികെ മറ്റു പാലങ്ങൾ വീതി കൂട്ടുകയും നിലവിലെ കലുങ്കുകൾ വീതി കൂട്ടുകയും കാലപ്പഴക്കം ചെന്ന കലുങ്കുകൾ പുതുക്കിപ്പണിയുകയും ചെയ്യുന്നതിനുള്ള പ്രൊപ്പോസലും ഉൾപ്പെടുത്തിയിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**